# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.5643** **02.07.2019-ൽ മറുപടിയ്ക്ക്**

## പട്ടികജാതി വകുപ്പിന്റെ തൊഴിൽദായക പരിശീലന പരിപാടികൾ

| ചോദ്യം: | | മറുപടി: | |
|---|---|---|---|
| **ശ്രീ.കെ.ആൻസലൻ<br>ശ്രീ.പി. ഉണ്ണി<br>ശ്രീ.ജോർജ് എം. തോമസ്<br>ശ്രീ.കെ.ജെ. മാക്സി** | | **എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ മന്ത്രി)** | |
| (എ) | പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കുന്ന തൊഴിൽദായക പരിശീലന പരിപാടികൾ എന്തൊക്കെയെന്ന് അറിയിക്കാമോ; പ്രതിവർഷം എത്ര പേർക്ക് ഈ പരിപാടിയിലൂടെ പരിശീലനം നൽകാൻ സാധിക്കുന്നുണ്ടെന്നതിന്റെ കണക്ക് ലഭ്യമാണോയെന്നറിയിക്കുമോ; | (എ) | പട്ടികജാതി യുവജനങ്ങൾക്ക് കമ്പ്യൂട്ടർ അധിഷ്ഠിത തൊഴിൽ ലഭിക്കുന്നതിന് വിവിധ കോഴ്സുകൾ കെൽട്രോൺ, സി-ഡിറ്റ്, സൈബർശ്രീ എന്നീ സ്ഥാപനങ്ങൾ മുഖേന നടത്തി വരുന്നു. ഹൗസ് കീപ്പിംഗ്/ഫുഡ് ആന്റ് ബീവറേജസ് സർവ്വീസസ് പരിശീലനം ഓട്ടോ ഡയഗണോസിസ് ആന്റ് റിപ്പയർ പരിശീലനം, Tinkering & Painting കോഴ്സ്, Sales Executive പരിശീലനം, Solar Panel Technician എന്നീ ഒട്ടേറെ പരിശീലന പദ്ധതികൾ നടത്തി വരുന്നു.<br>പട്ടികജാതിക്കാർക്ക് വിദേശത്ത് Oil & Rig മേഖലയിൽ തൊഴിൽ ലഭ്യമാകുന്ന കോഴ്സുകൾ, നഴ്സിംഗ് മേഖലയിൽ തൊഴിൽ സാധ്യതയുള്ള NEP/FNEP/ IELTS കോഴ്സുകൾ എന്നിവ നടത്തി പ്ലെയിസ്മെന്റ് ലഭ്യമാക്കി വരുന്നു. കൂടാതെ ആയുർവ്വേദ പഞ്ചകർമ്മ, നഴ്സിംഗ്, ഫാർമസി കോഴ്സുകൾ, ഗ്രാഫിക് & വെബ് ഡിസൈനിംഗ് കോഴ്സുകൾ എന്നിവ നടത്തി വരുന്നു. സംസ്ഥാനത്തെ പട്ടികജാതിക്കാർക്ക് സ്വദേശത്തും വിദേശത്തും തൊഴിൽ ലഭ്യമാകുന്ന നിരവധി പരിശീലന പദ്ധതികളിലൂടെ പ്രതിവർഷം 7000 ത്തോളം ഗുണഭോക്താക്കൾക്ക് പരിശീലനം നൽകുന്നുണ്ട്.<br>പട്ടികജാതി വികസന വകുപ്പിന് കീഴിൽ 44 ഐ.ടി.ഐ.കൾ പ്രവർത്തിച്ചുവരുന്നു. ഇവിടെ ഇലക്ട്രീഷ്യൻ, ഇലക്ട്രോണിക് മെക്കാനിക്, മെക്കാനിക് മോട്ടോർ വെഹിക്കിൾ, ഡി/സിവിൽ, കാർപ്പെന്റർ, പ്ലംബർ, സർവ്വേയർ, പെയിന്റർ ജനറൽ, വെൽഡർ, സ്വീയിംഗ് ടെക്നോളജി, ഡ്രൈവർ-കം-മെക്കാനിക് എന്നീ ട്രേഡുകളിൽ പരിശീലനം നൽകി വരുന്നു.<br><br>വകുപ്പിന്റെ 44 ഐ.റ്റി.ഐ കളിലായി പരമാവധി 2094 പേർക്ക് പരിശീലനം നേടുന്നതിനും വിജയകരമായി പരിശീലനം പൂർത്തീകരിക്കുന്നവർക്ക് |

| | | | |
|---|---|---|---|
| | | | അഖിലേന്ത്യാ പരീക്ഷ എഴുതി എൻ.സി.വി.റ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിനും അതുവഴി സർക്കാർ, അർദ്ധസർക്കാർ പൊതുമേഖല സ്വകാര്യ സ്ഥാപനങ്ങളിൽ തൊഴിൽ നേടുന്നതിനും സ്വയംതൊഴിൽ കണ്ടെത്തുന്നതിനും സാധിക്കുന്നുണ്ട്. |
| (ബി) | പട്ടികജാതി വകുപ്പിനുകീഴിലുള്ള ഐ. ടി. ഐ. കളുടെ നിലവാരം ഉയർത്തുന്നതിന് പദ്ധതിയുണ്ടോ; | (ബി) | വകുപ്പിന്റെ കീഴിൽ 44 ഐ.റ്റി.ഐകൾ പ്രവർത്തിക്കുന്നു. ഇതിൽ 41 എണ്ണം 1992 ലും 3 എണ്ണം 2010 ലും ആരംഭിച്ചവയാണ്. പ്രസ്തുത ഐ.റ്റി.ഐ കളിൽ ആദ്യകാലത്ത് ആരംഭിച്ച ട്രേഡുകൾക്കും പുതുതായി ആരംഭിച്ച ട്രേഡുകൾക്കും മുഴുവൻ NCVT അംഗീകാരം ലഭ്യമായിട്ടുണ്ട്. ഇതിന്റെ ഭാഗമായി ആവശ്യമായിടത്തെല്ലാം പുതിയ കെട്ടിട നിർമ്മാണങ്ങൾ, അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കൽ, പഠനോപകരണ സംഭരണം തുടങ്ങിയവയുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.<br>ഇതിനു പുറമേ വകുപ്പിന്റെ ഐ.ടി.ഐ.കളുടെ നവീകരണം ലക്ഷ്യം വച്ചുകൊണ്ട് നിലവിൽ ഏകവത്സര കോഴ്സുകളായ കാർപെന്റർ, പ്ലംബർ എന്നീ ട്രേഡുകൾ പരിശീലിപ്പിക്കുന്ന ഐ.ടി.ഐ.കളിൽ പ്രസ്തുത കോഴ്സുകളുടെ അഡീഷണൽ ബാച്ചുകൾ ആരംഭിക്കുന്നതിനും നിലവിൽ കെട്ടിട അനുബന്ധ സൗകര്യങ്ങൾ ഉള്ള ഐ.ടി.ഐ കളിൽ വിവിധ പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു. വകുപ്പിന്റെ ഐ.ടി.ഐ.കൾ നവീകരിക്കുന്നതിന്റെ ഭാഗമായി മിക്കവാറും എല്ലാ ഐ.ടി.ഐ.കളിലും കെട്ടിട അനുബന്ധ സൗകര്യങ്ങൾ ഒരുക്കുന്നതിനും പുതിയ സിലബസ് പ്രകാരമുള്ള പഠനോപകരണങ്ങൾ സംഭരിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ 3-Dimensional Curriculum കൂടെ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിന് പുറമെ എല്ലാ ഐ.ടി.ഐ.കളിലും ട്രെയിനികൾക്ക് കമ്പ്യൂട്ടർ പരിശീലനം നൽകുന്നതിനായി ഇന്റർനെറ്റ് സൗകര്യത്തോടു കൂടിയുള്ള കമ്പ്യൂട്ടർ ലാബുകൾ സജ്ജമാക്കിയിട്ടുണ്ട്. |
| (സി) | പട്ടികജാതിക്കാർക്ക് വിദേശതൊഴിൽ നേടുന്നതിന് പട്ടികജാതി വികസനവകുപ്പ് പട്ടികജാതി- പട്ടികവർഗ്ഗ വികസന കോർപ്പറേഷനുമായി സംയോജിച്ച് നൽകുന്ന വിദേശ തൊഴിൽ വായ്പാ സബ്സിഡി പദ്ധതിയുടെ മാനദണ്ഡങ്ങൾ അറിയിക്കുമോ? | (സി) | വിദേശ തൊഴിൽ വായ്പ സബ്സിഡി പദ്ധതിയുടെ നിബന്ധനകൾ ചുവടെ ചേർക്കുന്നു.<br><br>(1) അപേക്ഷകരുടെ കുടുംബ വാർഷിക വരുമാന പരിധി - 3.50 ലക്ഷം രൂപ<br>(2) പ്രായപരിധി - 18 - 50<br>(3) വായപാ പലിശ നിരക്ക് - 6% p.a<br>(4) വിദേശ തൊഴിൽ ദാതാവിൽ നിന്നും ലഭിച്ച വാഗ്ദാന പത്രിക, തൊഴിൽ കരാർ, വിസ, പാസ്പോർട്ട് |

| | | | |
|---|---|---|---|
| | | | എന്നിവയുടെ കോപ്പി സഹിതം അപേക്ഷ സമർപ്പിക്കേണ്ടതാണ്.<br>(5) വിദേശത്ത് പോകാനുള്ള വിമാനയാത്രാ ചെലവ്, മറ്റ് അനുബന്ധ ചെലവുകൾ വിസാ സംബന്ധമായ ചെലവുകൾ എന്നിവയ്ക്കായി വായ്പാതുക വിനിയോഗിക്കാവുന്നതാണ്.<br>(6) അർഹരായ അപേക്ഷകർക്ക് വിദേശത്ത് അനുയോജ്യമായ തൊഴിൽ നേടുന്നതിനായി NORKA ROOTS, ODEPEC എന്നീ സർക്കാർ ഏജൻസികളുടെ സഹായം ലഭിക്കുന്നതാണ്.<br>(7) കോർപ്പറേഷൻ ജില്ലാ മാനേജരും ജില്ലാ പട്ടികജാതി വികസന ഓഫീസറും സംയുക്തമായി അപേക്ഷകരെ തെരഞ്ഞെടുക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**